ചീഫ് എഞ്ചിനീയറുടെ കാര്യാലയം,ജലസേചനവും ഭരണവും, തിരുവനന്തപുരം

ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം

(ഹാജർ- ശിവദാസൻ.എം.)

വിഷയം : ജലസേചനം - വിജിലൻസ് - അനധികൃതമായി ജോലിയിൽ നിന്ന് വിട്ട് നിൽക്കുന്ന ശ്രീ.മുജീബ്, രണ്ടാം തരം ഓവർസിയറെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം:
1. 22/11/2022 ലെ സി ഇ ഐ എ/1906/22/വിജി7 നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും
2. 29/05/2024 ലെ സി ഇ ഐ എ/1906/22/വിജി7 നം.ഉത്തരവ്
3. 02/11/2024 ലെ അന്വേഷണ റിപ്പോർട്ട്
4. 01/01/25 ലെ സി ഇ ഐ എ/1906/22/വിജി 7 നം. കാരണം കാണിക്കൽ നോട്ടീസ്

IT Cell

**ഉത്തരവ് നം. സി ഇ ഐ എ/1906/22/വിജി 7 തിയതി - 12-02-2025**

13/2 AEE1

ഭവാനി ബേസിൻ ഡിവിഷൻ കാര്യാലയത്തിൽ രണ്ടാം തരം ഓവർസിയറായിരുന്ന ശ്രീ.മുജീബ്.റ്റി, 20 വർഷത്തെ ശൂന്യവേതനാവധിക്കു ശേഷം 16/01/2022 ന് സർവ്വീസിൽ പുന:പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്നു. അവധി കാലയളവിനുശേഷം ജോലിയിൽ പുന:പ്രവേശിക്കാതെ തുടർന്നതിനു 1960-കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ടിയാനു കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. ആയത് ടിയാൻ കൈപ്പറ്റുകയും മറുപടിയായി രാജി സന്നദ്ധത അറിയിക്കുകയും ചെയ്തു.

തുടർന്ന്, 1960 ലെ KCS (CC &A) ചട്ടങ്ങൾ, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി പരാമർശം (2) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ചു. പരാമർശം (3) പ്രകാരം ലഭിച്ച അന്വേഷണ റിപ്പോർട്ടിൽ ടിയാൾ ഇപ്പോൾ വിദേശത്ത് ജോലി ചെയ്യുകയാണെന്നും ജലസേചന വകുപ്പിൽ ജോലിയിൽ തിരികെ പ്രവേശിക്കാൻ താത്പര്യമില്ലെന്ന് അഭിപ്രായപ്പെട്ടതായും വ്യക്തമാക്കി.

സർക്കാർ സർവ്വീസിലിരിക്കെ വിദേശത്ത് ജോലിക്കായി ശൂന്യവേതനാവധി എടുക്കുകയും യഥാസമയം ജോലിയിൽ പ്രവേശിക്കാതെ, അവധി അനുമതി ഇല്ലാതെ വിദേശത്ത് ജോലിയിൽ തുടരുകയാണെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടു. ആയത് ടിയാന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യ വിലോപം ആണ്.

അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 1960 ലെ KCS (CC &A) ചട്ടങ്ങൾ പ്രകാരം ടിയാൻ അനധികൃതമായി ഹാജരാകാതിരുന്ന 16/01/2022 മുതൽ ശ്രീ.മുജീബ്.റ്റി യെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താത്കാലിക തീരുമാനം കൈക്കൊള്ളുകയും ആയത് അറിയിച്ചു കൊണ്ട് പരാമർശം (5) കാരണം കാണിക്കൽ നോട്ടീസ് നൽകി. കാരണം കാണിക്കൽ

നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം മറുപടി ലഭ്യമായില്ലെങ്കിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 16/01/2022 മുതൽ ടിയാനെ നീക്കം ചെയ്യാനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണെന്ന വിവരം നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

കാരണം കാണിക്കൽ നോട്ടീസ് 07/01/2025-ൽ കൈപ്പറ്റിയെങ്കിലും നാളിതു വരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, നടപടികൾ പൂർത്തിയാക്കി, രണ്ടാം തരം ഓവർസിയറായ ശ്രീ.മുജീബ്.റ്റി യെ 16/01/2022 മുതൽ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട്, ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

Signed by Sivadasan M
ചീഫ് എഞ്ചിനീയർ
Date: 12-02-2025 18:56:59

ശ്രീ.മുജീബ്.റ്റി
ഗ്രീൻ ഭവൻ, പഞ്ചാരമൂല.പി.ഒ
നിറ മരുതൂർ- 676109
**mujeebsalahudheen@gmai.com**
**PH: 0096550666882**

പകർപ്പ്:-

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഭവാനി ബേസിൻ ഡിവിഷൻ, അഗളി, പാലക്കാട് -678581
2. വിജിലൻസ് 8 സെക്ഷൻ
3. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഭരണം, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ റ്റി സെൽ to publish in official website